29 (1761) ഇരിട്ടി സബ് ട്രഷറി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഇരിട്ടി സബ് ട്രഷറി പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണോ; എങ്കിൽ എന്നു മുതൽ ഈ സബ് ട്രഷറി ഇവിടെ പ്രവർത്തിക്കുന്നു;

(ബി) ശരിയായ സമയത്ത് അറ്റകുറ്റ പണി നടത്താത്തതുകൊണ്ട് ,സ്ട്രോഗ് റൂമായി ഉപയോഗിക്കുന്ന മുറിവരെ അരക്ഷിതാവസ്ഥയിലാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) ഈ കെട്ടിടത്തിന് പൊതുമരാമത്ത് വകുപ്പിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) സുരക്ഷിതമായ ഒരു കെട്ടിടത്തിലേക്ക് സബ് ട്രഷറി മാറ്റി സ്ഥാപിക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) അതെ. 1.10.86 മുതൽ.

(ബി) ഉണ്ട്.

(സി) 26.6.98-ന് ശേഷമുള്ള കാലാവധിക്ക് നിലവിലുള്ള ഇരിട്ടി സബ്ട്രഷറി കെട്ടിടത്തിന് പൊതുമരാമത്ത് വകുപ്പ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. കെട്ടിട ഉടമ ആവശ്യമുള്ള അറ്റകുറ്റ പണികൾ നടത്താത്തത് കൊണ്ടായിരിക്കും സർട്ടിഫിക്കറ്റ് നൽകാത്തത്.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

30 (1762) സംസ്ഥാന ലോട്ടറി വില്പന

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നുകൊല്ലക്കാലത്ത് കേരള ലോട്ടറിയുടെ വിവിധ ഇനത്തിൽപ്പെട്ട ടിക്കറ്റു വില്പനയിലൂടെ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(ബി) സംസ്ഥാനത്തിനുവെളിയിൽ പ്രസ്തുത കാലയളവിൽ എത്ര രൂപയുടെ ടിക്കറ്റ് വിറ്റുവെന്നും ഏതൊക്കെ സംസ്ഥാനത്ത് ആണെന്നും വ്യക്തമാക്കുമോ;

(സി) വിവിധ ഇനത്തിൽപ്പെട്ട ലോട്ടറി ഓരോന്നിന്റെയും ആകെ ടിക്കറ്റുവില എത്രയെന്നും ആകെ സമ്മാനത്തുക എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ മൂന്നുകൊല്ലക്കാലത്ത് സമ്മാനാർഹമായ എത്ര ടിക്കറ്റുകൾ ഹാജരാക്കപ്പെടാതെ സമ്മാനത്തുക സർക്കാരിലേക്ക് മുതൽക്കൂട്ടായി എന്നു വ്യക്തമാക്കുമോ;

(ഇ) കൂടുതൽ സമ്മാനങ്ങൾ ഏർപ്പെടുത്തി ജനങ്ങളിൽ നിന്നും ലഭിക്കുന്ന തുകയുടെ മാന്യമായ വിഹിതം ജനങ്ങൾക്കുതന്നെ നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവിധ ഇനത്തിൽപ്പെട്ട സംസ്ഥാന ലോട്ടറി ഓരോന്നിന്റെയും ആകെ ടിക്കറ്റുവില. ആകെ സമ്മാനത്തുക എന്നിവ അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഡി) 57,83120 ടിക്കറ്റുകളിലൂടെ 5,30,00,982/- രൂപ സർക്കാരിലേക്ക് മുതൽക്കൂട്ടായി.

(ഇ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

31 (1763) സംസ്ഥാന ഭാഗ്യക്കുറികളുടെ വിറ്റുവരവ്

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനഭാഗ്യക്കുറി വകുപ്പിൽ 19.11.1997ന് മുൻപും അതിനു ശേഷവും ഉള്ള 10 ഭാഗ്യക്കുറികളുടെ വീതം വിറ്റുവരവിന്റെ കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) ഈ ഭാഗ്യക്കുറികളുടെ വിറ്റുവരവ് സംബന്ധിച്ച കണക്കുകൾ തെറ്റായിരുന്നു എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേക്കുറിച്ച് അന്വേഷിക്കുകയും ഇതിനുത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുമോ;

(സി) ഇതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ ഇതിനുത്തരവാദിയായവർക്ക് എതിരേ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) 17.3.1998 ലെ ഉത്തരവുപ്രകാരം സ്ലാബ് റേറ്റില്ലാതെ കമ്മീഷൻ നൽകുമ്പോൾ റവന്യു നഷ്ടം ഉണ്ടാകുമെന്ന് വകുപ്പുമേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; കമ്മീഷൻ നൽകുന്നത് സംബന്ധിച്ച് 7.6.99 ൽ പുതിയ ഉത്തരവിറക്കിയിട്ടുണ്ടോ;

(ഇ) 17.3.98-ലെ ഉത്തരവിലെ അപാകത എന്നാണ് ലോട്ടറി വകുപ്പ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്;

(എഫ്) 17.3.98 മുതൽ പുതിയ ഉത്തരവിറക്കി 7-6-1999-വരെയുള്ള കാലയളവിൽ ഏറ്റവും കൂടുതൽ ടിക്കറ്റെടുത്ത അഞ്ച് ഏജന്റുമാർക്ക് മുൻപ് നൽകിയതിനെക്കാൾ എന്തു തുക കൂടുതൽ കമ്മീഷൻ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനഭാഗ്യക്കുറികളുടെ 19.11.1997 നു മുൻപും അതിനുശേഷമുള്ള 10 ഭാഗ്യക്കുറികളുടെ വിറ്റുവരവ് അനുബന്ധത്തിൽ കാണാം.

(ബി) വിറ്റ് വരവ് സംബന്ധിച്ച് ആദ്യം സമർപ്പിച്ച കണക്കിലെ തെറ്റ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതേക്കുറിച്ച് അന്വേഷണം

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly